# കേരള സർവകലാശാല

നം. പി.ആർ.036/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ഫിൽ മാനേജ്മെന്റ് ടൈംടേബിൾ

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ എം.ഫിൽ മാനേജ്മെന്റ് പരീക്ഷ മാർച്ച് 28, 30 തീയതികളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### മാർക്ക്‌ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ ഒന്നാം വർഷ എം.കോം പരീക്ഷയുടെ മാർക്ക്‌ലിസ്റ്റുകൾ മാർച്ച് 19, 21, 22 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റും ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം വന്ന് കൈപ്പറ്റണം.

### അഡോളസന്റ് ആൻഡ് പ്രീ മാരിറ്റൽ കൗൺസലിംഗ് പരീക്ഷ

കേരള സർവകലാശാല പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ അഡോളസന്റ് ആൻഡ് പ്രീ മാരിറ്റൽ കൗൺസലിംഗ് സപ്ലിമെന്ററി പരീക്ഷ ഏപ്രിൽ നാലിന് തുടങ്ങും. പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 21 (50 രൂപ പിഴയോടെ മാർച്ച് 23, 250 രൂപ പിഴയോടെ മാർച്ച് 28 വരെ അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സി.എ.സി.ഇ.ഇ ഓഫീസിൽ പ്രസിദ്ധീകരിച്ചു.

### ക്ലാസ് ഇല്ല

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകളുടേയും ക്ലാസുകൾ മാർച്ച് 20, 26, 27 തീയതികളിൽ ഉണ്ടായിരിക്കില്ല.

### ഹെൽത്ത് ആൻഡ് സാനിട്ടേഷൻ കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആൻഡ് സാനിട്ടേഷൻ കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: എസ്.എസ്.എൽ.സി, ഫീസ് 3,000/- രൂപ. കാലാവധി ഒരു മാസം. താൽപര്യമുള്ളവർ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 0471-2302523.

### പ്രഭാഷണം

കേരള സർവകലാശാല കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ സിക്സ് സിഗ്മ ഫോർ ഓർഗനൈസേഷണൽ എക്സലൻസ് എന്ന വിഷയത്തിൽ മാർച്ച് 21 ഉച്ചയ്ക്ക് 2.30-ന് കാര്യവട്ടം വകുപ്പ് സെമിനാർ ഹാളിൽ എം.എസ് യൂണിവേഴ്സിറ്റി ഓഫ് ബറോഡയിലെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മേധാവി ഡോ. കെ മുരളീധരൻ പ്രഭാഷണം നടത്തും.

# രാഷ്ട്രപതിയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി

കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവകുപ്പിലെ മുൻ മേധാവി ഡോ. എ നിസാറുദ്ദീന് 2015-ലെ അറബിഭാഷയും സാഹിത്യത്തിനുള്ള സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ് ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ ബഹു. രാഷ്ട്രപതി പ്രണാബ് മുഖർജി സമ്മാനിച്ചു.

(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)



**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

18.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098